പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 18 — 26.02.2018 -ൽ മറുപടിക്ക്.

## മണ്ണെണ്ണ സബ്സിഡി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. ആൻസലൻ**<br>**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**<br>**ശ്രീ.സി.കൃഷ്ണൻ**<br>**ശ്രീ.എ. പ്രദീപ്കുമാർ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന മണ്ണെണ്ണ സബ്സിഡി നിർത്തലാക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കഴിഞ്ഞ സാമ്പത്തിക വർഷം മണ്ണെണ്ണ സബ്സിഡി ഇനത്തിൽ എത്ര കോടി രൂപയാണ് കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നതെന്നും ആയത് ഈ സാമ്പത്തിക വർഷം എത്രയായി കുറഞ്ഞിരിക്കുന്നുവെന്നും വ്യക്തമാക്കാമോ ; | (ബി) മണ്ണെണ്ണ സബ്സിഡി ഇനത്തിൽ 2016-17 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ 94 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം (2017-18) ഡിസംബർ വരെയുള്ള കാലയളവിൽ 39 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. |
| (സി) ഇതിന് കാരണമായി കേന്ദ്രസർക്കാർ നൽകിയ വിശദീകരണം എന്താണെന്ന് അറിയിക്കാമോ ; | (സി) കേരളത്തിന് അനുവദിക്കുന്ന സബ്സിഡി മണ്ണെണ്ണയുടെ അളവിൽ 34% കുറവ് വരുത്തിയിട്ടുണ്ട്. എൽ.പി.ജി കണക്ഷനുകളുടേയും വൈദ്യുതീകരിച്ച വീടുകളുടെയും എണ്ണത്തിലുണ്ടായ വർദ്ധനവാണ് സബ്സിഡി മണ്ണെണ്ണയുടെ അളവിൽ കുറവ് വരുത്തിയതിന് കാരണമായി കേന്ദ്ര സർക്കാർ ചൂണ്ടിക്കാണിക്കുന്നത്. |
| (ഡി) പാവപ്പെട്ട ജനങ്ങളെ ഇരുട്ടിലാക്കുന്നതിനും മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ളവരെ പട്ടിണിയിലേക്ക് തള്ളിവിടുന്നതിനും കാരണമാകാവുന്ന ഈ തീരുമാനം പിൻവലിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ? | (ഡി) മണ്ണെണ്ണ സബ്സിഡി മൊത്തമായി നിർത്തലാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കഴിഞ്ഞ കുറേ വർഷങ്ങളായി സബ്സിഡി മണ്ണെണ്ണയുടെ അളവിൽ ഗണ്യമായും ക്രമമായും കുറവ് ഉണ്ടാകുന്ന സാഹചര്യത്തിൽ സംസ്ഥനത്തിന് ലഭ്യമാകുന്ന മണ്ണെണ്ണയുടെ അളവ് മുൻവർഷങ്ങളിലെ അളവിലേക്ക് പുന:സ്ഥാപിക്കണമെന്ന് പലവട്ടം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**